മലയാള മനോരമ 25 October 2026

5 ലക്ഷം കല്ലുമ്മക്കായ വിത്ത് നൽകി സിഎംഎഫ്ആർഐ

കൊച്ചി • മഹാരാഷ്ട്രയിലെ തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) 5 ലക്ഷം കല്ലുമ്മക്കായ വിത്തുകളും ഒരു ലക്ഷം ഓയിസ്റ്റർ വിത്തുകളും കൈമാറി.

ഈ വർഷം ആകെ 10 ലക്ഷം കല്ലുമ്മക്കായ വിത്തുകളാണ് സിഎംഎഫ്ആർഐ കൈമാറിയത്.

പ്രധാനമന്ത്രി മത്സ്യസമ്പദ് യോജനയുടെ ഭാഗമായി സിഎംഎഫ്ആർഐ വിഴിഞ്ഞം റീജനൽ സെന്ററിലെ ഹാച്ചറിയിലാണ് 2 മുതൽ 4 മില്ലീമീറ്റർ വരെ വലുപ്പമുള്ള കല്ലുമ്മക്കായ വിത്തുകൾ ഉൽപാദിപ്പിച്ചത്. ഓയിസ്റ്റർ വിത്തുകൾ ഉൽപാദിപ്പിച്ചത് സിഎംഎഫ്ആർഐയുടെ മദ്രാസ് സ്റ്റേഷനിലാണ്.

വരുമാന മാർഗങ്ങൾ വൈവിധ്യവൽക്കരിക്കാനും ശാസ്ത്രീയ തീരദേശ അക്വാകൾചർ രീതികൾ പ്രചരിപ്പിക്കാനും സഹായിക്കുന്നതാണ് ഈ ഗവേഷണ നേട്ടമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് പറഞ്ഞു. പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ.എം.കെ.അനിലിന്റെ നേതൃത്വത്തിലുള്ള സിഎംഎഫ്ആർഐ ഗവേഷകസംഘം മഹാരാഷ്ട്ര മാംഗ്രൂവ് സെല്ലിലെ 30 ഉദ്യോഗസ്ഥർക്ക് ഈ മേഖലയിൽ പരിശീലനം നൽകി.

മഹാരാഷ്ട്രയിലെ മംഗ്രൂവ് ആൻഡ് മറൈൻ ബയോഡൈവേഴ്സിറ്റി കൺസർവേഷൻ ഫൗണ്ടേഷനാണ് വിത്തുവിതരണവും സാങ്കേതിക മാർഗനിർദേശങ്ങളും കർഷക പങ്കാളിത്തവും ഏകോപിപ്പിക്കുന്നത്.